നമ്പർ.500/2016/ഡി.പി.സി/ഡി.പി.ഒ/പി.കെ.ഡി

കലക്റ്ററേറ്റ്, പാലക്കാട്,
തിയതി : 03-12-2016.

പ്രേഷിതൻ
ജില്ലാ കളക്ടർ
പാലക്കാട്

സ്വീകർത്താവ്
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി,
ബഹു. മുഖ്യമന്ത്രിയുടെ കാര്യാലയം,
തിരുവനന്തപുരം

സർ,

വിഷയം: ഹരിത കേരള മിഷൻ - 08-12-2016 പ്രവർത്തന ഉദ്ഘാടനം - റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 29-11-2016 ലെ ബഹു. കേരള മുഖ്യമന്ത്രിയുടെ വീഡിയോ കോൺഫറൻസ് നിർദ്ദേശം.

പാലക്കാട് ജില്ലയിൽ നവകേരളമിഷന്റെ 2016 ഡിസംബർ 8 ലെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഈ ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളും, 7 നഗരസഭകളും പ്രത്യേക യോഗം ഇതിനോടകം ചേർന്നിട്ടുണ്ട്. എല്ലാ തദ്ദേശസ്ഥാപനങ്ങളും അവരവരുടെ ഓരോ വാർഡിലും ഓരോ പരിപാടി എന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ ശ്രീകൃഷ്ണപുരം ബ്ലോക്കിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ "പുലാപ്പറ്റ കോളശ്ശേരി പുത്തൻകുളം നവീകരണം" മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുത്ത് ഉദ്ഘാടനം ചെയ്ത് ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മറ്റു പ്രധാനപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ

ജില്ലാ കളക്ടർ

| ഹരിതകേരളമിഷന്റെ ഭാഗമായി 08.12.2016 തിയ്യതിയിൽ - പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ | | | |
|---|---|---|---|
| **ജില്ലാതല പരിപാടി** | | | |
| ക്രമ നം | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | ഏറ്റെടുക്കുന്ന പ്രവർത്തനം | റിമാർക്സ് |
| 1 | കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | പുലാപറ്റ-മണ്ടഴി "കോളശ്ശേരി പുത്തൻകുളം നവീകരണം" (തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി) | ബഹു. കേരള ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി ശ്രീ.പി.തിലോത്തമൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു |
| **മുനിസിപ്പാലിറ്റിതല പരിപാടികൾ** | | | |
| 1 | പാലക്കാട് നഗരസഭ | വി.എച്ച് റോഡിലെ ഡംപിംഗ് യാഡ് ശുചീകരിച്ച് ഉദ്യാനവൽക്കരണം | |
| 2 | ചിറ്റൂർ-തത്തമംഗലം നഗരസഭ | നെഹ്റു ഓഡിറ്റോറിയത്തിൽ സ്വാപ് ഷോപ്പ് ഗ്രഹ ഉപകരണങ്ങൾ പുനരുപയോഗം ചെയ്യുന്നത് | |
| 3 | മണ്ണാർക്കാട് നഗരസഭ | പെരുമ്പിടാരി ജി.എൽ.പി സ്കൂൾ ശുചീകരണ പ്രവർത്തി ആരംഭം | |
| 4 | ചെർപ്പുളശ്ശേരി നഗരസഭ | കാളിക്കടവ് (തൂത പുഴയിൽ) തടയണ നിർമ്മാണം | |
| 5 | ഷൊർണ്ണൂർ നഗരസഭ | ഭാരതപ്പുഴ കൊച്ചി പാലത്തിനു സമീപം താൽക്കാലിക തടയണ പൊതുജന പങ്കാളിത്തത്തോടെ ശാക്തീകരണം. | |
| 6 | ഒറ്റപ്പാലം നഗരസഭ | സ്വാപ് ഷോപ്പ് പൊതുസ്ഥല ശുചീകരണ വും സൗന്ദര്യവൽക്കരണവും - ഈസ്റ്റ് ഒറ്റപ്പാലം | |
| 7 | പട്ടാമ്പി നഗരസഭ | സ്വാപ് ഷോപ്പ് പൊതുസ്ഥല ശുചീകരണ വും സൗന്ദര്യവൽക്കരണവും/ പൊതുകിണർ ശുചിയാക്കൽ - പട്ടാമ്പി | |
| **ഗ്രാമപഞ്ചായത്ത്തല പരിപാടികൾ** | | | |
| 1 | പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | ചാലിക്കുളം ആഴം കൂട്ടൽ | |
| 2 | കണ്ണാടി ഗ്രാമപഞ്ചായത്ത് | കടലാക്കുറിശ്ശി കിണർ നിർമ്മാണം | |
| 3 | പുതൂർ ഗ്രാമപഞ്ചായത്ത് | വരയാർപുഴ കനാൽ വൃത്തിയാക്കൽ, മൂലക്കൊമ്പ് കുളംവൃത്തിയാക്കൽ, ആലാമരകനാൽ വൃത്തിയാക്കൽ | |
| 4 | അകത്തേത്തറ ഗ്രാമപഞ്ചായത്ത് | പുന്നക്കുളം വൃത്തിയാക്കൽ, മണ്ണാൻകുളം വൃത്തിയാക്കൽ | |
| 5 | ആലത്തൂർ ഗ്രാമപഞ്ചായത്ത് | പടയേറ്റിക്കുളം വൃത്തിയാക്കൽ | |
| 6 | മാത്തൂർ ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറെത്തൊടി കുളം വൃത്തിയാക്കൽ | |
| 7 | കേരളശ്ശേരി ഗ്രാമപഞ്ചായത്ത് | കരിയങ്കളം വൃത്തിയാക്കൽ | |
| 8 | കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | ചിതലി ഖാദിബോർഡ് കിണർ കുഴിക്കൽ | |
| 9 | ഷോളയൂർ ഗ്രാമപഞ്ചായത്ത് | തൂവ ഊര് കൊണ്ടൂർ ബണ്ട് നിർമ്മാണം | |
| 10 | മുതലമട ഗ്രാമപഞ്ചായത്ത് | പള്ളത്തുരുത്ത് നീലച്ചാൽ വൃത്തിയാക്കൽ | |

| ജില്ലയിലെ പൊതുവായുള്ള മറ്റു പ്രവർത്തനങ്ങൾ | | |
|---|---|---|
| | മുനിസിപ്പാലിറ്റി/ ഗ്രാമപഞ്ചായത്ത് | ശുചീകരണം, മഴക്കുഴി നിർമ്മാണം, ജല സ്രോതസ്സുകളുടെ നവീകരണം. മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരികളുടെ നവീകരണം, ശുചിത്വ വിളംബര ജാഥ, സ്കൂൾതലത്തിൽ, വിദ്യാഭ്യാസ സ്ഥാപനതലത്തിൽ മൽസരങ്ങൾ, ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം, തരിശു ഭൂമികൾ കൃഷിയോഗ്യമാക്കൽ, സ്വാപ് ഷോപ്പുകൾ, പൊതുജല സ്രോതസ്സുകളുടെ ശുചീകരണം,<br>പ്ലാസ്റ്റിക് ഹോളി ഡേ, കിണർ റീച്ചർജിങ്ങ്, വനവൽക്കരണം, കുളം നിർമ്മാണം, കമ്പോസ്റ്റ് കുഴി നിർമ്മാണം, ഭൂവികസന പ്രവർത്തികൾ |

വിശ്വസ്തതയോടെ,

**ജില്ലാ കളക്ടർ**
പാലക്കാട്